**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ആലപ്പുഴ ജില്ല - പുളിങ്കുന്നത്ത് ഗ്രാമപഞ്ചായത്ത് - പക്ഷിപ്പനി ബാധിച്ച് ചത്ത താറാവുകളെ സംസ്കരിച്ചതിന് പഞ്ചായത്ത് നൽകിയ തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2057/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/06/2017

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 23.05.2017 ലെ ജി1-15838/2017 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ പുളിങ്കുന്നത്ത് ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി ബാധിച്ച് പുത്തനാറായിരം പാടശേഖരത്തിൽ തീറ്റക്കായി കയറ്റിയ 23580 താറാവുകൾ ചത്തു പോകുകയും ടി താറാവുകളെ കർഷകരായ ശ്രീ.ഡാനിയൽ ജോൺ കട്ടക്കുഴി, ശ്രീ.തോമസ് ഫ്രാൻസിസ് നേരയത്ത്, ശ്രീ.റ്റി ജോ ജോസഫ് കൈപ്പാലയിൽ എന്നിവർ അവരുടെ സ്വന്തം ചെലവിൽ സംസ്കരിക്കുകയും ആയതിന് ടിയാളുകൾക്ക് യഥാക്രമം 113070/-, 47043/-, 71600/- രൂപയും ചെലവായതായും ആയത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പക്ഷിപ്പനി ബാധിച്ച് ചത്തുപോയ താറാവുകളുടെ കർഷകരായ ശ്രീ. ഡാനിയൽ ജോൺ കട്ടക്കുഴി, ശ്രീ.തോമസ് ഫ്രാൻസിസ് നേരയത്ത്, ശ്രീ.റ്റി ജോ ജോസഫ് കൈപ്പാലയിൽ എന്നിവർക്ക് യഥാക്രമം 113070/-, 47043/-, 71600/- രൂപാ വീതം ആകെ ചെലവായ 213713/- (രണ്ട് ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച പുളിങ്കുന്നത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പ്രസിഡന്റ്/സെക്രട്ടറി, പുളിങ്കുന്നത്ത് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.